മാതൃഭൂമി

11 December 2021

www.mathrubhumi.com



## ഗ്രാമീണ വികസനത്തിന് ശാസ്ത്രസ്ഥാപനത്തിന്റെ ഇടപെടൽ

വേമ്പനാട്ടുകായലിൽനിന്ന് കക്ക വാരുന്നവർ

## ദിവസവും 10 ടൺ വിളവെടുപ്പ്

# വേമ്പനാട്ടുകായലിൽ കക്കയ്ക്ക് പുതുജീവൻ

**കൊച്ചി▸** വേമ്പനാട്ടുകായലിലെ കക്ക പുനരുജ്ജീവന പദ്ധതിയെ തുടർന്ന് നടത്തിയ വിളവെടുപ്പിൽ ദിവസവും 10 ടൺ കക്ക ലഭിക്കുന്നുവെന്ന് സി.എം.എഫ്.ആർ.ഐ.ഏകദേശം രണ്ടു വർഷത്തെ കാലയളവിൽ ഈ ഭാഗങ്ങളിൽ കക്കയുടെ ഉത്പാദനം വർധിച്ചതായി കണ്ടെത്തി. കായലിന്റെ അടിത്തട്ടിൽ കക്ക ആവാസ വ്യവസ്ഥ ശക്തിപ്പെടുത്താനും വികസിപ്പിക്കാനും സാധിച്ചതായി സി.എം.എഫ്.ആർ.ഐ.യിലെ വിദഗ്ധർ പറഞ്ഞു.





പ്രതിദിനം 10 ടൺ കക്കയാണ് മത്സ്യത്തൊഴിലാളികൾ ഈ പ്രദേശങ്ങളിൽനിന്ന് ശേഖരിക്കുന്നത്. ഏകദേശം 1500 ടൺ കക്ക ഉത്പാദനമാണ് കുഞ്ഞുങ്ങളെ നിക്ഷേപിച്ച ഭാഗങ്ങളിൽനിന്ന് സി.എം.എഫ്.ആർ.ഐ. പ്രതീക്ഷിക്കുന്നത്. നിക്ഷേപിച്ച കുഞ്ഞുങ്ങളുടെ ഏഴിലധികം മടങ്ങ് വരുമെന്ന് സി.എം.എഫ്.ആർ.ഐ. മൊളസ്കൻ ഫിഷറീസ് വിഭാഗം മേധാവി ഡോ. പി. ലക്ഷ്മീലത പറഞ്ഞു.

വേമ്പനാട്ടുകായലിൽനിന്നുള്ള കക്ക ലഭ്യത മുൻകാലങ്ങളിൽ 75,000 ടണ്ണിന് മുകളിലുണ്ടായിരുന്നത് 2019-ൽ 42,036 ടണ്ണായി കുറഞ്ഞിരുന്നു. എന്നാൽ, ഈ പദ്ധതിയിലൂടെ കക്കയുടെ ഉത്പാദനം ഒരു പരിധി വരെയെങ്കിലും വർധിപ്പിക്കാനായി. കക്ക വാരലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുടെ വരുമാനം വർധിപ്പിക്കാനും സാധിച്ചെന്ന് ഗവേഷണ പദ്ധതിക്ക് നേതൃത്വം നൽകിയ സി.എം.എഫ്.ആർ.ഐ. സയൻറിസ്റ്റ് ഡോ. ആർ. വിദ്യ പറഞ്ഞു.

കായലിൽ കക്കയുടെ ലഭ്യത കുറഞ്ഞപ്പോഴാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) നേതൃത്വത്തിൽ കക്കക്കുഞ്ഞുങ്ങളെ കായലിൽ നിക്ഷേപിച്ചത്. ജില്ലാ പഞ്ചായത്തിനു കീഴിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന കക്ക പുനരുജ്ജീവന പദ്ധതിക്ക് ശാസ്ത്ര-സാങ്കേതിക മേൽനോട്ടം വഹിച്ചത് സി.എം.എഫ്.ആർ.ഐ.യാണ്.

കായലിൽ തണ്ണീർമുക്കം ബണ്ടിന് വടക്കുഭാഗത്ത് കീച്ചേരി, ചക്കത്തുകാട് പ്രദേശങ്ങളിലായി 20 ഹെക്ടറോളം ഭാഗത്ത് 2019-ൽ 200 ടൺ കക്കക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചാണ് പദ്ധതിക്ക് തുടക്കമിട്ടത്.